പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2350 19.07.2016 ലെ മറുപടിയ്ക്ക്

**1/7/2011 മുതൽ 31/3/2016 വരെയുള്ള കാലയളവിലെ കർഷക ആത്മഹത്യ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉണ്ണി.** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | സംസ്ഥാനത്ത് 1/7/2011 മുതൽ 31/3/2016 വരെയുള്ള കാലയളവിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | **(എ)** | ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** | കേരളത്തെ കർഷക ആത്മഹത്യരഹിത സംസ്ഥാനമാക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നല്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **(ബി) & (സി)** | റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലതകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നെല്ലിന്റെയും റബ്ബറിന്റേയും നാളികേരത്തിന്റേയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പലിശരഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തു തീർക്കും. നെൽ കൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കും. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. |
| **(സി)** | കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

കാർഷിക കാരണങ്ങളാൽ ആത്മഹത്യ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിവരം

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 0 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 0 |
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 0 |
| 8 | തൃശ്ശൂർ | 4 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 30 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 3 |
| | ആകെ | 61 |

**സെക്ഷൻ ഓഫീസർ**